सत्यमेव जयते
न्याय विभाग
Department of Justice
भारत सरकार
Government of India

# ഭരണഘടനാ ദിനവും പൗരൻമാരുടെ കടമകളും

## 26 നവംബർ 2019– 26 നവംബർ 2020



“ ഗവൺമെന്റിന് പിന്തുടരാൻ മാത്രമുള്ള വെറുമൊരു രേഖയായി ഭരണഘടന നിലകൊണ്ടാൽ ജനാധിപത്യം നഷ്ടം സഹിക്കേണ്ടി വരും. അതുകൊണ്ടാണ് അത് വേരുകളിൽ എത്തേണ്ടത്. ”


നരേന്ദ്ര മോദി
പ്രധാനമന്ത്രി

## ഇന്ത്യയുടെ ഭരണഘടന

- നമ്മുടെ രാജ്യത്തിന്റെ അടിസ്ഥാന രാഷ്ട്രീയ ഘടനയ്ക്ക് ആധാരശില പാകുന്ന നിയമമാണ് ഭരണഘടന. അത് ഒരു പാർലമെന്ററി ജനാധിപത്യവും ഫെഡറൽ ഘടനയോടു കൂടിയ റിപ്പബ്ലിക്കും സ്ഥാപിക്കുന്നു.
- നമ്മുടെ ഭരണഘടനാ സ്ഥാപകരുടെ കാഴ്ചപ്പാടും മൂല്യങ്ങളും ഉൾക്കൊള്ളുന്നതാണ് ഇന്ത്യൻ ഭരണഘടന. അത് അവരുടെ ചിന്തകളെയും സാമൂഹിക, രാഷ്ട്രീയ, സാമ്പത്തിക കാഴ്ചപ്പാടുകളെയും വിശ്വാസത്തെയും ഇച്ഛയെയും പ്രതിനിധീകരിക്കുന്നു.
- ഭരണഘടന ഇന്ത്യൻ റിപ്പബ്ലിക്കിന്റെ പ്രധാന ഭാഗങ്ങളായ ഭരണ നിർവ്വഹണം, നിയമ നിർമ്മാണം, നീതിന്യായ കോടതികൾ എന്നിവയെയും, അവയുടെ അധികാരങ്ങളെയും നിർവ്വചിക്കുകയും, അവയുടെ ഉത്തരവാദിത്തങ്ങൾ വേർതിരിക്കുകയും ചെയ്യുന്നു.
- ഇന്ത്യൻ ഭരണഘടനയുടെ പ്രധാന സവിശേഷതകൾ:
  - പാർലമെന്റ് സമ്പ്രദായത്തിലുള്ള ഗവൺമെന്റ്
  - ഫെഡറൽ രൂപഘടന
  - മതനിരപേക്ഷ രാഷ്ട്രം
  - സ്വതന്ത്രമായ നീതിന്യായ സംവിധാനം
  - മൗലികാവകാശങ്ങളും കടമകളും
  - നിർദ്ദേശക തത്വങ്ങൾ
  - പൗരത്വം
  - പ്രായപൂർത്തി വോട്ടവകാശം.
- ലോകത്തിലെ ഏറ്റവും വലിയ, ഏറ്റവും സവിസ്തരമായ ഭരണഘടനയാണ് ഇന്ത്യയുടേത്. അമേരിക്ക, ബ്രിട്ടൻ, അയർലൻഡ്, റഷ്യ എന്നിവയുടെ ഭരണഘടനകളിൽനിന്ന് അത് പ്രചോദനം ഉൾക്കൊണ്ടിട്ടുണ്ട്.
- 395 വകുപ്പുകൾ, 22 ഭാഗങ്ങൾ, 12 ഷെഡ്യൂളുകൾ എന്നിവ ഉൾപ്പെടുന്നതാണ് ഭരണഘടന.

“ ഭരണഘടനയെക്കുറിച്ച് ലളിതമായ ഭാഷയിൽ ഞാൻ പറയുകയാണെങ്കിൽ- ഇന്ത്യക്കാർക്ക് അഭിമാനവും ഇന്ത്യയുടെ ഐക്യവും എന്നീ രണ്ട് അടിസ്ഥാന മന്ത്രങ്ങൾ സാക്ഷാത്കരിക്കുന്നതാണ് നമ്മുടെ ഭരണഘടന ”

നരേന്ദ്ര മോദി,
പ്രധാനമന്ത്രി




ഇന്ത്യൻ ഭരണഘടനയുടെ ഇംഗ്ലീഷ് കയ്യെഴുത്ത് പ്രതിയുടെ കവർ പേജ്

**ഭരണഘടനയുടെ യഥാർത്ഥത്തിലുള്ള കയ്യെഴുത്ത് പ്രതി 16:22 ഇഞ്ച് അളവിലുള്ള, ആയിരക്കണക്കിന് വർഷം ആയുസ്സുള്ള തോൽ കടലാസ് താളിലാണ് എഴുതപ്പെട്ടിട്ടുള്ളത്. പൂർത്തിയാക്കപ്പെട്ട കയ്യെഴുത്ത് പ്രതിയിൽ 251 പേജുകളാണുള്ളത്. അതിന് 3.75 കിലോ തൂക്കം വരും.**

# ഭരണഘടനാ നിർമ്മാണസഭയും ഭരണഘടനയ്ക്ക് രൂപം നൽകലും

ഇന്ത്യയുടെ ഭരണഘടനയ്ക്ക് 1946 നും 1949 നും ഇടക്കുള്ള കാലയളവിൽ കരട് രൂപം നൽകിയത് ഭരണഘടനാ നിർമ്മാണസഭയാണ് (1946 ലെ കാബിനറ്റ് മിഷൻ പ്ലാനിനു കീഴിൽ രൂപീകരിച്ച) ഡോ. രാജേന്ദ്ര പ്രസാദ് ഇതിന്റെ അധ്യക്ഷനായി സേവനമനുഷ്ഠിച്ചു.

ഭരണഘടനയ്ക്ക് രൂപം നൽകാൻ 299 അംഗങ്ങൾ (15 വനിതകൾ ഉൾപ്പെടെ) മൂന്ന് വർഷത്തിൽ കുറഞ്ഞ സമയമേ (1946 മുതൽ 1949 വരെ) എടുത്തുള്ളൂ.

1946 ഡിസംബർ മുതൽ 1949 നവംബർ വരെയുള്ള കാലയളവിൽ ഭരണഘടനാ നിർമ്മാണ സഭയിലെ അംഗങ്ങൾ 11 തവണയിലേറെ യോഗം ചേർന്നു.

ഭരണഘടനയുടെ കരടിന് രൂപം നൽകാൻ ഡോ. ബി.ആർ. അംബേദ്ക്കറുടെ നേതൃത്വത്തിൽ ഒരു സമിതിയ്ക്ക് 1947 ആഗസ്റ്റ് 29 ന് ഭരണഘടനാ നിർമ്മാണ സഭ രൂപം നൽകി.



1946 ഡിസംബറിലെ ഭരണഘടനാ നിർമ്മാണ സഭാ സമ്മേളനം.

“ബഹുമാന്യനായ ബാബാ സാഹബ് അംബേദ്കർജിയുടെ നേതൃത്വത്തിൽ ഇന്ത്യ എല്ലാവരെയും ഉൾക്കൊള്ളുന്ന ഒരു ഭരണഘടനയ്ക്ക് രൂപം നൽകി. ഒരു നവ ഇന്ത്യ കെട്ടിപ്പടുക്കുന്നതിനുള്ള പ്രതിജ്ഞയുടെ മുന്നോടിയായിരുന്നു ഏവരേയും ഉൾക്കൊള്ളുന്ന ഈ ഭരണഘടന. ഭരണഘടന അതോടൊപ്പം നമുക്ക് കുറച്ചു ഉത്തരവാദിത്തങ്ങൾ കൊണ്ടുവരികയും ചില അതിർത്തികൾ നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്. ”


നരേന്ദ്ര മോദി
പ്രധാനമന്ത്രി

“ ഭരണഘടന എന്നത് അഭിഭാഷകർക്കുള്ള വെറുമൊരു രേഖയല്ല, അത് ജീവിതത്തിന്റെ ഒരു വാഹനവും, അതിന്റെ ചേതന എല്ലായ്പ്പോഴും കാലഘട്ടത്തിന്റെ ചേതനയുമാണ്. ”

– ഡോ. ബി.ആർ, അംബേദ്കർ



ഡോ. ബി.ആർ അംബേദ്കറിന്റെ ഛായാ ചിത്രം



കേന്ദ്ര മന്ത്രിസഭാംഗങ്ങൾ ഭരണഘടനയിൽ ഒപ്പുവെക്കുന്നു. രാജ്കുമാരി അമൃത് കൗർ, ഡോ. ജോൺ മത്തായി, സർദാർ വല്ലഭ്ഭായി പട്ടേൽ എന്നിവരെയും ചിത്രത്തിൽ കാണാം.

1949 നവംബർ 26 നാണ് ഇന്ത്യൻ ഭരണഘടന സ്വീകരിച്ചത്. അത് 1950 ജനുവരി 26 ന് നിലവിൽ വന്നു. അന്നു തന്നെ ഭരണഘടനാ നിർമ്മാണസഭയുടെ കാലാവധി അവസാനിക്കുകയും 1952 ൽ പുതിയ പാർലമെന്റ് നിലവിൽ വരുന്നതുവരെ അതൊരു താൽക്കാലിക പാർലമെന്റായി വർത്തിക്കുകയും ചെയ്തു. കരട് ഭരണഘടനയെക്കുറിച്ചുള്ള ചർച്ചയ്ക്കിടെ മൊത്തം 7635 ഭേദഗതികൾ അവതരിക്കപ്പെട്ടു. അവയിൽ 2473 ഭേദഗതികൾ ചർച്ച ചെയ്ത് തീർപ്പാക്കി.

ആകെയുള്ള 299 അംഗങ്ങളിൽ 284 അംഗങ്ങൾ ഭരണഘടനയിൽ ഒപ്പുവെച്ചു

ഭരണഘടനാ നിർമ്മാണവുമായ ബന്ധപ്പെട്ട വിവിധ ജോലികൾ കൈകാര്യം ചെയ്യുന്നതിന് ഭരണഘടനാ നിർമ്മാണ സഭ മൊത്തം 13 സമിതികൾക്ക് രൂപം നൽകി. ഇതിൽ എട്ടെണ്ണം പ്രധാന സമിതികളും മറ്റുള്ളവ അപ്രധാന സമിതികളുമാണ്.

ഭരണഘടനാ നിർമ്മാണസഭയുടെ എട്ട് പ്രധാന സമിതികൾ

- ഡ്രാഫ്റ്റിംഗ് സമിതി
- കേന്ദ്രാധികാര സമിതി
- കേന്ദ്ര ഭരണഘടനാ സമിതി
- പ്രവിശ്യാ ഭരണഘടനാ സമിതി
- മൗലികാവകാശങ്ങൾ, ന്യൂനപക്ഷങ്ങൾ, ഗിരിവർഗ്ഗക്കാർ, ഒഴിവാക്കപ്പെട്ട പ്രദേശങ്ങൾ എന്നിവക്കായുള്ള ഉപദേശക സമിതി
- നടപടിക്രമങ്ങൾക്കുള്ള ചട്ടങ്ങൾ സംബന്ധിച്ച സമിതി
- സംസ്ഥാനങ്ങളുടെ സമിതി
- വിഷയ നിർണ്ണയ സമിതി



1950 ജനുവരി 24 ന് നടന്ന ഭരണഘടനാ നിർമ്മാണസഭയുടെ അന്തിമ സമ്മേളനത്തിൽ സർദാർ വല്ലഭ്ഭായി പട്ടേൽ

ഭരണഘടനാ നിർമ്മാണസഭ 1947 ജൂലൈ 22 ന് ദേശീയ പതാകയും, 1950 ജനുവരി 24 ന് ദേശീയ ഗാനവും ദേശീയ ഗീതവും സ്വീകരിച്ചു.

ആധുനിക ഇന്ത്യൻ കലയിലെ അദ്വിതീയനായ ശ്രീ. നന്ദ് ലാൽ ബോസ് ഭരണഘടനയുടെ എല്ലാ പേജുകളുടെയും അരികുകൾ രൂപകൽപ്പന ചെയ്യുകയും കലാ സൃഷ്ടികൾ കൊണ്ട് അതിനെ അലങ്കരിക്കുകയും ചെയ്തു

കൈയ്യക്ഷര കലയിൽ നിപുണനായ ശ്രീ. പ്രേം ബെഹാരി നരെയ്ൻ റയ്സാദ ഒറ്റയ്ക്ക് ഭരണഘടന പൂർണ്ണമായും തന്റെ കൈയ്യക്ഷരത്തിൽ എഴുതി. ഇത് പൂർത്തിയാക്കാൻ 6 മാസം എടുത്തു. പ്രതിഫലമൊന്നും സ്വീകരിക്കാതെയാണ് അദ്ദേഹം ഈ ജോലി ചെയ്തത്.



1950 ലെ നിയമ നിർമ്മാണസഭാംഗങ്ങളുടെ ഗ്രൂപ്പ് ഫോട്ടോ

## ഭരണഘടനാ നിർമ്മാണസഭയും അതിലെ പ്രമുഖ അംഗങ്ങളും

കാബിനറ്റ് മിഷന്റെ നിർദ്ദേശമനുസരിച്ച് പ്രവിശ്യാ നിയമസഭകളിൽനിന്ന് നേരിട്ടല്ലാതെയുള്ള തിരഞ്ഞെടുപ്പിലൂടെയാണ് ഭരണഘടനാ നിർമ്മാണ സഭയിലെ അംഗങ്ങളെ തിരഞ്ഞെടുത്തത്. സഭയിൽ പ്രവിശ്യകളെ പ്രതിനിധീകരിച്ച് 229 അംഗങ്ങളും സംസ്ഥാനങ്ങളെ പ്രതിനിധീകരിച്ചുള്ള 70 അംഗങ്ങളുമടക്കം ആകെ 299 അംഗങ്ങളാണുണ്ടായിരുന്നത്.

നിയമനിർമ്മാണസഭയിലെ ചില പ്രമുഖ അംഗങ്ങൾ:


ഡോ. രാജേന്ദ്ര പ്രസാദ്
സർദാർ വല്ലഭ്ഭായി പട്ടേൽ
ജവഹർലാൽ നെഹ്റു
ഡോ.ബി.ആർ അംബേദ്കർ
ഗോവിന്ദ് വല്ലഭ പന്ത്
മൗലാന അബ്ദുൽ കലാം ആസാദ്
സരോജിനി നായിഡു
രാജ്കുമാരി അമൃത് കൗർ
ജെ.ബി കൃപലാനി
സി. രാജഗോപാലാചാരി
ശരത് ന്ദ്ര ബോസ്

ആസഫ് അലി
ശ്യാമ പ്രസാദ് മുഖർജി
ഹൻസാ മെഹ്ത്താ
ഗോപിനാഥ് ബൊർദോലെ
ഹരേന്ദ്ര കുമാർ മുഖർജി
ബിനോദാനന്ദ് ഝാ,
ദുർഗ്ഗാബായി ദേശ്മുഖ്
ഫ്രാങ്ക് ആന്റണി
ജയ്പാൽ സിംഗ് മു
ഹർഗോവിന്ദ് പന്ത്
ജോൺ മത്തായി

ബീഗം ഐസാസ് റസൂൽ
കെ.എം. മുൻഷി
സർവെപ്പള്ളി രാധാകൃഷ്ണൻ
അമ്മു സ്വാമിനാഥൻ
എം. അനന്തശയനം അയ്യങ്കാർ
അല്ലാഡി കൃഷ്ണസ്വാമി അയ്യങ്കാർ
ബി. പട്ടാഭി സീതാരാമയ്യ
ടി. പ്രകാശം
എൻ. സഞ്ജീവ റെഡ്ഡി
എസ്. നിജലിംഗപ്പ
ജി.വി മാവ്ലങ്കാർ

പദംപത് സിംഘാനിയ
പുരുഷോത്തംദാസ് ടൺ
സുചേതാ കൃപലാനി
ഹസ്രത് മൊഹാനി
റഫി അഹമദ് കിദ്വായി
അനുഗ്രഹ നാരായൺ സിൻഹ
ജഗ്ജീവൻ റാം
സച്ചിതാനന്ദ സിൻഹ
സത്യനാരായൺ സിൻഹ
ശ്രീകൃഷ്ണ സിൻഹ
സേത്ത് ഗോവിന്ദ് ദാസ്

ഹരി സിംഗ് ഗൗഡ്
പഞ്ചബ്റാവു ദേശ്മുഖ്
രവി ശങ്കർ ശുക്ല
ഹരേകൃഷ്ണ മഹതാബ്
ആനീ മസ്ക്രീൻ
ജീവ് രാജ് നാരായൺ മെഹ്ത
മോത്തൂരി സത്യനാരായണ
ദീപ് നാരായൺ സിംഗ്
സർ സയ്യിദ് മുഹമ്മദ് സാദുല്ല
കെ. കാമരാജ്
പി സുബ്ബരായൻ



I beg to move, Sir,

"That it be resolved that:

(1) After the last stroke of midnight, all members of the Constituent Assembly present on this occasion do take the following pledge:

'At this solemn moment when the people of India, through suffering and sacrifice, have secured freedom, I, ............. a member of the Constituent Assembly of India, do dedicate myself in all humility to the service of India and her people to the end that this ancient land attain her rightful place in the world and make her full and willing contribution to the promotion of world peace and the welfare of mankind.'

(2) Members who are not present on this occasion do take the pledge (with such verbal changes as the President may prescribe) at the time they next attend a session of the Assembly."

നിയമനിർമ്മാണ സഭാംഗത്തിന്റെ പ്രതിജ്ഞ

# പൗരൻമാരും മൗലിക കടമകളും

## നമ്മുടെ ഭരണഘടനയുടെ അവശ്യമായൊരു സവിശേഷത



> “ നന്നായി നിർവഹിച്ച ഉത്തര വാദിത്തമാണ് അവകാശം ”
>
> മഹാത്മാ ഗാന്ധി

നമ്മുടെ പൗരൻമാരുടെ മൗലിക അവകാശങ്ങളെയും കടമകളെക്കുറിച്ചുള്ള അവബോധം എല്ലാ ഇന്ത്യൻ പൗരൻമാരിലുമെത്തിക്കാൻ (2019 നവംബർ 26 മുതൽ 2020 നവംബർ 26 വരെ) ഇന്ത്യാ ഗ വൺമെന്റ് ശ്രമം നടത്തുകയാണ്. #itsmyduty എന്നതിൽ ഞങ്ങൾക്കൊപ്പം ചേരാം.

പ്രധാന ലക്ഷ്യങ്ങൾ ലക്ഷ്യങ്ങൾ

- ഭരണഘടനയുടെയും ഭരണഘടനയിൽ അന്തർലീനമായ മൂല്യങ്ങളുടെയും ശരിയായ സൂക്ഷിപ്പു കാർ നിങ്ങളാണെന്ന് ജനങ്ങളോട് ആവർത്തിച്ച് വ്യക്തമാക്കൽ
- സഹ പൗരൻമാർ, സമൂഹം, രാഷ്ട്രം എന്നിവയോടുള്ള തങ്ങളുടെ കടമകളെക്കുറിച്ച് എല്ലാ പൗ രൻമാരെയും ഓർമ്മിപ്പിക്കൽ
- ദേശീയബോധത്തെക്കുറിച്ച് അഭിമാനിക്കാൻ എല്ലാ പൗരൻമാരെയും പ്രോത്സാഹിപ്പിക്കൽ
- രാജ്യത്തോടുള്ള അച്ചടക്കവും സമർപ്പണവും പ്രോത്സാഹിപ്പിക്കുകയും രാഷ്ട്ര നിർമ്മാണത്തിനാ യി പൗരൻമാരുടെ ഊർജ്ജം സ്വരൂപിക്കുകയും ചെയ്യൽ

# മൗലിക കടമകൾ - പ്രസക്തിയും കൂട്ടിച്ചേർക്കലും

> “ ഞാൻ എന്റെ കടമകൾ പഠിച്ചത് എന്റെ അമ്മയുടെ മടിത്തട്ടിലിരുന്നാണ് നിരക്ഷരയായ ഒരു ഗ്രാമീണ സ്ത്രീയായിരുന്നു അവർ എന്റെ ധർമ്മത്തെ കുറിച്ച് അവർക്കറിയാമായിരുന്നു. നമ്മുടെ കുട്ടിക്കാലം മുതൽ നമ്മുടെ ധർമ്മം എന്താണെന്ന് നാം പഠിക്കുകയും അതിനെ പിൻതുടരാൻ ശ്രമിക്കുകയും ചെയ്താൽ നമ്മുടെ അവകാശങ്ങൾ സ്വയം നോക്കിക്കൊള്ളും അതിന്റെ സൗന്ദര്യം എന്താണെന്ന് വച്ചാൽ ഒരു കടമ നിറവേറ്റപ്പെടുമ്പോൾ അത് നമ്മുടെ അവകാശം സുരക്ഷിതമാക്കും. അവകാശങ്ങളെ ചുമതലയിൽ നിന്ന് വേതിരിക്കാനാവില്ല. ഇങ്ങനെയാണ് സത്യഗ്രഹം ജനിച്ചത്. എന്റെ ചുമതലകളെന്താണെന്ന് നിർണ്ണയിക്കാൻ ഞാൻ എപ്പോഴും പരിശ്രമിച്ചിരുന്നു. ”
>
> **1947 ജൂൺ 28 ന് ഡൽഹിയിൽ ഒരു പ്രാർത്ഥനാ യോഗത്തിൽ മൗലിക കടമകളുടെ പ്രാധാന്യത്തെ കുറിച്ച് മഹാത്മാഗാന്ധി.**

നമ്മുടെ ഭരണഘടനയിൽ 11 മൗലിക കടമകൾ ഉൾപ്പെടുത്തിയതിന് പിന്നിൽ പൗരന്മാർ ആസ്വദിക്കുന്ന സമഗ്ര അവകാശങ്ങൾക്ക് പകരമായി അവരുടെ കർത്തവ്യത്തെക്കുറിച്ച് ഊന്നൽ നൽകുക എന്ന ആശയമാണ്.

**ആദരം, ആത്മാഭിമാനം, സഹിഷ്ണുത, സമാധാനം, വളർച്ച, യോജിപ്പ് എന്നീ പ്രധാനപ്പെട്ട മൂല്യങ്ങളിലാണ് മൗലിക കടമകൾ കേന്ദ്രീകരിച്ചിട്ടുള്ളത്.**

1976 ൽ ഭരണഘടനയുടെ 42-ാം ഭേദഗതി നിയമത്തിലൂടെയാണ് മൗലിക കടമകൾ ഭരണഘടനയിൽ ഉൾപ്പെടുത്തിയത്. പൗരന്മാർക്ക് രാജ്യത്തോടുള്ള അടിസ്ഥാനപരവും, സദാചാരപരവും നിയമബദ്ധവുമായ കടമകളാണവ.

**പൗരന്മാർ തങ്ങളുടെ മൗലികാവകാശങ്ങൾ വിനിയോഗിക്കുമ്പോൾ, തങ്ങളുടെ കടമകൾ മറക്കുന്നില്ലെന്ന് ഉറപ്പ് വരുത്താൻ ആവശ്യമായ നടപടികൾ കൈക്കൊള്ളണമെന്ന് മൗലിക കടമകൾ ഉൾപ്പെടുത്താൻ ശിപാർശ ചെയ്യവെ രൂപീകരിച്ച സമിതി അഭിപ്രായപ്പെട്ടിരുന്നു.**

2002 ലെ 86-ാം ഭേദഗതി നിയമത്തിലൂടെ കുട്ടികൾക്കുള്ള വിദ്യാഭ്യാസ അവസരങ്ങൾ സംബന്ധിച്ച 11-ാമത്തെ മൗലിക കടമ ഭരണഘടനയിൽ ഉൾപ്പെടുത്തി.

യു.എസ്.എസ്.ആർ. ജപ്പാൻ, ചൈന എന്നീ രാജ്യങ്ങളുടെ ഭരണഘടനയിൽ നിന്നാണ് മൗലിക കടമകളെ കുറിച്ചുള്ള പ്രചോദനം ലഭിച്ചത്.

ഇന്ത്യൻ ജീവിത രീതി പ്രോത്സാഹിപ്പിക്കുന്നതിനുള്ള അവിഭാജ്യമായ കടമകളുടെ ക്രോഡീകരണമാണ് നമ്മുടെ മൗലിക കടമകൾ. സമൂഹത്തോടുള്ള അച്ചടക്കവും, പ്രതിബദ്ധതയും അവ വർദ്ധിപ്പിക്കും.

അവകാശങ്ങളും, കടമകളും സഹ ചാർച്ചക്കാരായിരുന്നാൽ ഭരണഘടന ചില മൗലികാവകാശങ്ങൾ അനുവദിച്ചിട്ടിട്ടുണ്ടെങ്കിലും ജനാധിപത്യ പെരുമാറ്റത്തിന്റെയും, ജനാധിപത്യ സ്വഭാവത്തിന്റെയും അടിസ്ഥാന തത്വങ്ങൾ പൗരന്മാർ പാലിച്ചിരിക്കണമെന്ന നിതാന്ത ഓർമ്മപ്പെടുത്തലായിട്ടാണ് മൗലിക കടമകളെ വിവക്ഷിച്ചിട്ടുള്ളത്.

> “ജനാധിപത്യമെന്നത് കേവലം ഒരു ഗവൺമെന്റിന്റെ രൂപമല്ല അത് അടിസ്ഥാനപരമായി നമ്മുടെ സഹജീവികളോടുള്ള ആദരവിന്റെയും, ബഹുമാനത്തിന്റെയും ഒരു മനസ്ഥിതിയാണ്. ”
>
> **ഡോ. ബി.ആർ. അംബേദ്കർ**

> “ താനൊരു രജപുത്രനോ, ഒരു സിഖോ, ഒരു ജാട്ടോ ആണെന്നത് എല്ലാ ഇന്ത്യാക്കാരും ഇപ്പോൾ മറക്കണം. ചില കടമകളോടെ, തന്റെ രാജ്യത്ത് എല്ലാ അവകാശങ്ങളുമുള്ള ഒരു ഇന്ത്യാക്കാരനാണ് താനെന്ന് അവൻ ഓർക്കുകയും വേണം. ”
>
> **സർദാർ വല്ലഭായ് പട്ടേൽ**

സജീവ പങ്കാളിത്തത്തിലൂടെ മാത്രമേ പൗരന്മാർക്കും, മൗലിക കടമകൾക്കും നമ്മുടെ ദേശീയ ലക്ഷ്യങ്ങൾ കൈവരിക്കാൻ നമ്മെ സഹായിക്കാനാവൂ.

രാജ്യത്തെ പൗരന്മാർക്ക് മൗലിക കടമകളെ കുറിച്ച് പഠിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സംബന്ധിച്ച ഒരു റിപ്പോർട്ട് ജസ്റ്റിസ് വർമ്മയുടെ നേതൃത്വത്തിലുള്ള ഒരു സമിതി 1999 ഒക്ടോബറിൽ സമർപ്പിച്ചിരുന്നു.

# പൗരൻമാരുടെ ചുമതലകളെക്കുറിച്ച് ബോധവാൻമാരാകൂ

- 2019 നവംബർ 26 ന് ഓൺലൈൻ പ്രതിജ്ഞയിൽ ഒപ്പുവെക്കൂ, MyGov.in ൽ നിന്ന് ഞൊടിയിട യിൽ സർട്ടിഫിക്കറ്റ് കരസ്ഥമാക്കൂ.
- സ്കൂൾ, കോളജ് വിദ്യാർത്ഥികൾക്കിടയിൽ ബോധവത്കരണം നടത്താൻ പങ്കു ചേരൂ
- www.doj-gov.in ൽ ലഭ്യമായ പൗരൻമാരും മൗലിക ചുമതലകളും എന്ന വിഷയത്തിലുള്ള മെ റ്റീരിയലുകൾ ഡൗൺലോഡ് ചെയ്യൂ.

> “ കുറഞ്ഞത് ഒരു പ്രതിജ്ഞയെങ്കിലും എടുക്കാനും രാഷ്ട്രത്തോടുള്ള നിങ്ങളുടെ ഉത്തരവാദിത്തങ്ങളെയും ബാധ്യതകളെയും കുറിച്ച് ചിന്തിക്കാനും ഞാൻ അഭ്യർത്ഥിക്കുന്നു. കർമ്മത്തിന്റെ പാതയിൽ സഞ്ചരിച്ചുകൊണ്ട് 130 കോടി പരിശ്രമങ്ങളുടെ ശക്തിക്കും, 130 കോടി പ്രതിജ്ഞകൾക്കും രാജ്യത്തിനുവേണ്ടി ഏറെ കാര്യങ്ങൾ ചെയ്യാനാകും ”
>
> **നരേന്ദ്ര മോദി**
>
> **പ്രധാനമന്ത്രി**

@DoJ-India, MyGov എന്നിവയിൽ ഞങ്ങളെ പിന്തുടരൂ # itsmyduty

ഇന്ത്യൻ ഭരണഘടനയുടെയും മൗലിക ധർമ്മങ്ങളുടെയും പൂർണ്ണരൂപത്തിനായി സന്ദർശിക്കൂ
http://legislative.gov.in/constitution-of-india

न्याय विभाग
Department of Justice
भारत सरकार
Government of India
सत्यमेव जयते

# ഭരണഘടനയിൽ ഉറപ്പാക്കിയിട്ടുള്ള 11 കടമകൾ (അനുഛേദം 51 എ, ഭാഗം IV എ)

- ഭരണഘടന, ദേശീയ പതാക, ദേശീയ ഗാനം എന്നിവ പാലിക്കുക
- സ്വാതന്ത്ര്യ സമരത്തിന്റെ ആദർശങ്ങൾ പരിപോഷിപ്പിക്കുക
- ഇന്ത്യയുടെ പരമാധികാരം, ഐക്യം, അഖണ്ഡത എന്നിവ ഉയർത്തിപ്പിടിക്കുക
- രാഷ്ട്രത്തെ പ്രതിരോധിക്കുകയും, ദേശീയ സേവനമനുഷ്ഠിക്കുകയും ചെയ്യുക
- ഐക്യവും, സാഹോദര്യവും പരിപോഷിപ്പിക്കുക
- സമ്പന്നമായ പൈതൃകത്തെയും, സമ്മിശ്ര സംസ്ക്കാരത്തെയും സംരക്ഷിക്കുക
- പ്രകൃതിയെയും, പരിസ്ഥിതിയെയും സംരക്ഷിക്കുകയും മെച്ചപ്പെടുത്തുകയും ചെയ്യുക
- ശാസ്ത്ര മനോഭാവം, മാനവികത മുതലായ വികസിപ്പിക്കുക
- പൊതുസ്വത്ത് സംരക്ഷിക്കുകയും അക്രമം ത്യജിക്കുകയും ചെയ്യുക
- മികവിനായി പരിശ്രമിക്കുക
- വിദ്യാഭ്യാസത്തിനുള്ള അവസരങ്ങൾ ഒരുക്കുക

നമ്മുടെ ഭരണഘടനയിൽ മൗലിക കടമകൾ കൂട്ടിച്ചേർത്തത് സാർവ്വദേശീയ മനുഷ്യാവകാശ പ്രഖ്യാപനത്തിന്റെ 29(1) വകുപ്പുമായി പൊരുത്തപ്പെടുത്തിയിട്ടുണ്ട്.

> “ ലോക പൗരത്വത്തിന്റെ കടമ നാം നിറവേറ്റുമ്പോൾ മാത്രമേ ജീവിക്കാനുള്ള അവകാശം നമുക്ക് ലഭിക്കുകയുള്ളു. ഈ ഒരൊറ്റ അടിസ്ഥാന പ്രസ്താവനയിൽ നിന്ന് പുരുഷന്റെയും, സ്ത്രീയുടെയും കടമകൾ നിർവ്വചിക്കാൻ ഒരു പക്ഷേ എളുപ്പമായിരിക്കും. ഒപ്പം ഓരോ അവകാശവും തക്കതായി പാലിക്കേണ്ട ഏതെങ്കിലും ഒരു കടമയുമായി ബന്ധപ്പെട്ടിരിക്കുകയാണെന്നും. പോരാടി നേടുന്ന മറ്റെല്ലാ അവകാശങ്ങളും അപഹരണമാണെന്ന് കാണാൻ കഴിയും. ”
>
> മഹാത്മാ ഗാന്ധി

മൗലിക കടമകളും, അവകാശങ്ങളും ഒരേ നാണയത്തിന്റെ രണ്ട് വശങ്ങളാണ്.

മഹാത്മാ പറഞ്ഞിട്ടുണ്ട് കടമയുടെ ഉറവിടം ശരിയാണ്. നാം നമ്മുടെ കടമകൾ നിറവേറ്റിയാൽ അവകാശങ്ങൾ ദൂരയാവില്ല..

പൗരന്മാർ തങ്ങളുടെ മൗലിക അവകാശങ്ങളെ മൗലിക കടമകളുമായി പരസ്പര പൂരകമാക്കാത്തിടത്തോളം ജനാധിപത്യത്തിന് സമൂഹത്തിൽ ആഴത്തിൽ വേരോടാനാകില്ല.

ഓരോ അവകാശത്തോടൊപ്പവും തക്കതായ കടമയുമുണ്ട്ഒരു പൗരൻ കടമ നിറവേറ്റുന്നത് മറ്റുള്ളവരുടെ അവകാശങ്ങൾ ഉറപ്പാക്കുന്നു.

നാം നമ്മുടെ കടമകൾ നിറവേറ്റുമ്പോഴാണ് നമുക്ക് നമ്മുടെ അവകാശങ്ങൾക്ക് അർഹതയുണ്ടാവുക.